ന്യൂക്ലിയർ പവർ പ്രോജക്ടിന്റെ കോർ ഏരിയ

123 (1666) ശ്രീ. എം. മുരളി :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ന്യൂക്ലിയർ പവ്വർ പ്രോജക്ടിന്റെ എത്ര കിലോമീറ്റർ ചുറ്റളവിനുള്ളിലാണ് അതിന്റെ കോർ ഏരിയ വരുന്നത് ;

(ബി) കോർ ഏരിയയിൽ ജനവാസം അനുവദനീയമാണോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ന്യൂക്ലിയർ പവ്വർ പ്രോജക്ടിൽ നിന്നും എന്ത് അകലത്തിലാണ് ജനവാസകേന്ദ്രങ്ങൾ അനുവദിക്കുന്നത് ;

(ഡി) കന്യാകുമാരി ജില്ലയിലെ കൂടൻകുളം ന്യൂക്ലിയർ പവ്വർ സ്റ്റേഷന് സംസ്ഥാനത്തിന്റെ അതിർത്തിയിൽ നിന്നും എന്ത് ദൂരമുണ്ട് ;

(ഇ) ഈ പവ്വർ സ്റ്റേഷനിൽ നിന്നും വിപത്ത് ഉണ്ടാകാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പവ്വർ സ്റ്റേഷനിൽ നിന്നും വീശുന്ന കാറ്റിന്റെ ദിശ കേരളത്തിലാണോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ന്യൂക്ലിയർ പവ്വർ പ്രോജക്ട് സ്ഥാപിക്കുമ്പോൾ പരിശോധിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമായി ഒരു കോർ ഏരിയ സൂചിപ്പിച്ചിട്ടില്ല. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ ചെറിയ വായു മേഖലയിൽ നിന്നും 5 കിലോമീറ്ററും, വൻ വായു മേഖലയിൽ നിന്നും 8 കിലോമീറ്ററും മിലിറ്ററി മേഖലയിൽ നിന്നും 15 കിലോമീറ്ററും കുറഞ്ഞ അകലത്തിൽ ആയിരിക്കണം.

(ബി) സംസ്ഥാന ശരാശരിയുടെ 2/3-ൽ കുറവ് ജനസംഖ്യ മാത്രമേ പ്രസ്തുത മേഖലയിൽ പാടുള്ളൂ. 5 കിലോമീറ്റർ റേഡിയത്തിനുള്ളിൽ 20,000-ൽ കുറവായിരിക്കണം ജനസംഖ്യ.

(സി) 10,000-ൽ അധികം ജനസംഖ്യയുള്ള കേന്ദ്രങ്ങൾ കുറഞ്ഞത് 10 കിലോമീറ്റർ അകലത്തിലും, ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള കേന്ദ്രങ്ങൾ 30 കിലോമീറ്ററിൽ കുറയാത്ത അകലത്തിലും ആയിരിക്കണം.

(ഡി) ഏകദേശം 70 കിലോമീറ്റർ ദൂരമുണ്ട്.

(ഇ) ആണവ നിലയങ്ങൾ സ്ഥാപിക്കുമ്പോൾ നടപ്പാക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ,

LIBRARY ARCHIVES Kerala Legislative Assembly

ന്യൂക്ലിയർ പവ്വർ കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഇത്തരം നിലയങ്ങൾ സ്ഥാപിക്കുന്നത്.

വിപത്ത് ഉണ്ടാകാനുള്ള സാദ്ധ്യത, സുരക്ഷാനടപടികളുടെ കാര്യക്ഷമതയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

(എഫ്) പ്രസ്തുത ആണവനിലയം ബംഗാൾ ഉൾക്കടലിന്റെയും ഇൻഡ്യൻ മഹാ സമുദ്രത്തിന്റെയും തീരത്താണ്. അതുകൊണ്ട് അവിടെ നിന്നും വീശുന്ന കാറ്റിന്റെ ദിശ കേരളത്തിലേക്ക് വരുവാൻ സാദ്ധ്യതയില്ല.

ക്രിസിൽ കൺസൾട്ടൻസി തയ്യാറാക്കിയ താരീഫ് പെറ്റീഷൻ

124 (1668) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താരിഫ് പെറ്റീഷൻ തയ്യാറാക്കാൻ എ.ഡി.ബി.യുടെ കൺസൾട്ടൻസിയായ ക്രിസിൽ കൺസൾട്ടൻസിയെ കെ.എസ്.ഇ.ബി. ചുമതലപ്പെടുത്തിയിരുന്നുവോ ;

(ബി) കൺസൾട്ടൻസി റിപ്പോർട്ട് വൈദ്യുതി ബോർഡിന് ലഭിച്ചുവോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(സി) താരിഫ് പെറ്റീഷനു പുറമേ മറ്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ റിപ്പോർട്ടിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കൺസൾട്ടൻസി റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് അംഗീകരിച്ചിട്ടുണ്ട് ;

(ഇ) ഏത് ദിവസത്തെ ബോർഡ് യോഗമാണ് പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിച്ചത് ;

(എഫ്) ബോർഡ് യോഗം അംഗീകരിച്ചതിനു ശേഷമാണോ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയച്ചത് ;

(ജി) ബോർഡ് ശുപാർശ ചെയ്യാത്ത ഏതെങ്കിലും നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) താരിഫ് റെഗുലേറ്ററി കമ്മീഷന് മുമ്പാകെ താരിഫ് പെറ്റീഷൻ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഐ) ക്രിസിൽ കൺസൾട്ടൻസിക്ക് നൽകിയ തുക എത്രയാണ് ; കരാർ പ്രകാരം എത്ര തുക നൽകണം എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly